## 2–ാം സ്കന്ദം ആരംഭം

**ഏതാവാൻ സാംഖ്യയോഗാഭ്യാം സ്വധർമ്മപരിനിഷ്ഠയാ**
**ജന്മലാഭ: പര: പുംസാമന്തേ നാരായണസ്മൃതി: (2–1–6)**
**സ സർവ്വധീവൃത്ത്യനുഭൂതസർവ ആത്മാ യഥാ സ്വപ്നജനേക്ഷിതൈക:**
**തം സത്യമാനന്ദനിധിം ഭജേത നാന്യത്ര സജ്ജേദ്യത ആത്മപാത: (2–1–39)**

ശുകമുനി പറഞ്ഞു:
രാജൻ, ഉന്നതമായൊരുചോദ്യം തന്നെയത്. മനുഷ്യൻ സാധാരണയായി നശ്വരമായ വസ്തുവകകളിൽ ആസക്തനാണ്. അതേ വസ്തുക്കളെ 'ഞാൻ' എന്നുകരുതി കൂടുതൽ സുഖം നൽകുന്ന വസ്തുക്കളെ മാത്രമറിഞ്ഞ് അവൻ ജീവിക്കുന്നു. മനുഷ്യജന്മത്തിൻെറ ലക്ഷ്യംതന്നെ മരണസമയത്ത് പരമപുരുഷനായ ശ്രീകൃഷ്ണനെ (നാരായണനെ) ഓർക്കാൻ കഴിയുക എന്നതാണ്. ആയത് ധാർമ്മീകജീവിതത്തിലൂടെയോ യോഗമാർഗ്ഗങ്ങളിലൂടെയോ നേടാവുന്നതാണ്. രാജർഷിയായ ഖട്വാംഗൻ കേവലമൊരുമണിക്കൂർമാത്രമേ മരണത്തിനുമുൻപ് സമയമുള്ളൂ എന്നറിഞ്ഞ് സർവ്വതും ത്യജിച്ച് സ്വയം ഭഗവാനിൽവിലീനനായി. സ്വന്തം മോക്ഷപ്രാപ്തിക്കുവേണ്ടി ശ്രമിച്ചില്ലെങ്കിൽ നീണ്ടൊരു ജീവിതംകൊണ്ടെന്താണു പ്രയോജനം? മരണമടുക്കുമ്പോഴേയ്ക്കും മനുഷ്യൻ അവൻെറ എല്ലാ കെട്ടുപാടുകളിൽനിന്നും, സ്വന്തം ശരീരത്തോടു പോലുമുള്ള ആസക്തിയിൽനിന്നും മുക്തനാവണം. ശാന്തവുംശുദ്ധവുമായ ഒരിടത്തുപോയി 'ഓം' എന്ന ദിവ്യമന്ത്രം ധ്യാനിച്ചുകഴിയണം. പരമപുരുഷൻെറ ഏതെങ്കിലുമൊരവയവത്തെ ധ്യാനത്തിൽ ദർശിച്ച് അവിടുത്തോടുള്ള ഭക്തിയുംപ്രേമവും വർദ്ധിപ്പിച്ച് മറ്റൊന്നിലും താത്പര്യമില്ലാത്ത അവസ്ഥയിലെത്തണം. ഈ ധ്യാനം മനോമാലിന്യങ്ങളെ അകറ്റി മനസ്സിൽ ദിവ്യഭക്തിയും പ്രേമവും നിറയ്ക്കുന്നു. താമസംവിനാ അവൻ പരമപദം പ്രാപിക്കയും ചെയ്യും.

ഇനി ഭഗവാൻെറപരമദിവ്യരൂപം നിങ്ങളുടെ ധ്യാനത്തിനുവേണ്ടി വിവരിച്ചുതരാം. അത് വിശ്വത്തിൻെറ പ്രതിഭാസരൂപങ്ങളായ പഞ്ചഭൂതങ്ങളും (ഭൂമി, വെള്ളം, അഗ്നി, വായു, ആകാശം) അഹങ്കാരവും ബുദ്ധിയും എല്ലാത്തിൻേറയും സത്തടങ്ങിയതുമത്രെ. ചുരുക്കത്തിൽ നാം കാണുന്ന ഈ വിശ്വമത്രയും ഭഗവൽ ശരീരമാകുന്നു. ഭൂമിക്കുതാഴെയുള്ളയിടങ്ങൾ (പാതാളം, സതാതളം, മഹാതളം, തലാതളം, വിതളം, സുതലം, അതലം), ഭഗവൽപ്പാദങ്ങൾ, പാദപ്രതലം, ഞെരിയാണികൾ, കാൽവണ്ണകൾ, കാൽമുട്ടുകൾ, തുടകൾ, എന്നിവയത്രെ. ഭൂമി അവിടുത്തെ അരക്കെട്ടാണ്. ഭൂമിക്കുമുകളിലുള്ളയിടങ്ങൾ (ഭൂവർലോകം, സ്വർലോകം, മഹർലോകം, ജനലോകം, തപോലോകം, സത്യലോകം) ഭഗവൽനാഭി, നെഞ്ച്, കഴുത്ത്, മുഖം, പുരികങ്ങൾ, തല എന്നിവയാണ്. മായ അവിടുത്തെ പുഞ്ചിരിയത്രെ. ദൈവീകത അവിടുത്തെ ഇന്ദ്രിയങ്ങളും ആകാശം കണ്ണുകളും, സൂര്യൻ കാഴ്ചയും, രാത്രിപകലുകൾ കൺപോളകളുമാകുന്നു. രാജാവേ, സമുദ്രമവിടുത്തെ ആമാശയവും പർവ്വതങ്ങൾ എല്ലുകളും നദികൾ രക്തധമനികളുമത്രെ. മരങ്ങൾരോമങ്ങളും മൃഗങ്ങളും മനുഷ്യരും ദേവന്മാരും അവിടുത്തെ ശരീരഭാഗങ്ങളുമത്രെ. അവിടുന്നല്ലാതെ മറ്റൊന്നുംതന്നെയില്ല. ഈ വിശ്വംമുഴുവൻ ആ ദിവ്യമഹിമകൊണ്ടു നിറഞ്ഞിരിക്കുന്നു. അതേശ്രീകൃഷ്ണനിൽത്തന്നെ താങ്കളും ഉൾക്കൊള്ളുന്നു.

സ്വപ്നം കാണുന്നയാൾ തൻെറ സ്വപ്നത്തിൽ പലേ രൂപങ്ങളുണ്ടാക്കി അവനവനെത്തന്നെ കാണുന്നപോലെ പരമാത്മാവായ ശ്രീകൃഷ്ണൻതന്നെയാണ് എല്ലാവരുടേയും ബുദ്ധിവ്യാപാരങ്ങളിലൂടെ എല്ലാം അനുഭവിക്കുന്നത്. അദ്ദേഹം എല്ലാവിധ നിലനിൽപ്പിൻേറയും ആനന്ദത്തിൻേറയും ഇരിപ്പിടമാണ്. ഒരുവൻ മറ്റൊന്നിനേയും ആശ്രയിക്കാതെ അവിടുത്തെ പൂജിച്ച് കഴിയുന്നില്ലെങ്കിൽ സ്വന്തം പതനത്തിലേക്കുള്ള വഴി തെളിയിക്കുകയത്രേ ചെയ്യുന്നത്.